# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1004 30.09.2016 ൽ മറുപടിയ്ക്ക്**

## പച്ചക്കറി ഉൽപ്പാദനം

ചോദ്യം

**ശ്രീ.എസ്.ശർമ്മ**

മറുപടി

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) 2015-16 കാലയളവിൽ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

എ) 2015-16 കാലയളവിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും വിഷരഹിത പച്ചക്കറി വ്യാപനത്തിനുമായുള്ള ഒരു പദ്ധതി ആർ.കെ.വി.വൈ ധനസഹായത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കി. പ്രസ്തുത പദ്ധതി മുഖാന്തിരം 4357.33 ഹെക്ടറിൽ (ഹെക്ടറിന് 15000 രൂപ സബ്സിഡി) 653.6 ലക്ഷം രൂപ ധനസഹായത്തോടെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞു.

ബി) പച്ചക്കറി-പഴവർഗ്ഗങ്ങൾ വിപണിയെക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ബി) ഇക്കഴിഞ്ഞ ഓണക്കാലത്ത് പച്ചക്കറികൾ വിപണിവിലയേക്കാൾ കുറഞ്ഞ വിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ്, വി.എഫ്.പി.സി.കെയും ഹോർട്ടികോർപ്പും ചേർന്ന് 1350 ചില്ലറ വിൽപനശാലകൾ നടത്തി. സുരക്ഷിതമായ ഭക്ഷ്യോൽപ്പന്നങ്ങൾ എന്ന നിലയ്ക്ക് സേഫ് റ്റു ഈറ്റ് നിലവാരത്തിലുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളുമാണ് സംഭരിച്ച് വിതരണം ചെയ്തത്, കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന എല്ലാ പച്ചക്കറികൾക്കും 30% സബ്സിഡി ഏർപ്പെടുത്തുകയും, ഓണക്കാലത്ത് കൃഷി വകുപ്പ്, കുടുംബശ്രീ, സഹകരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ പച്ചക്കറികൾ മാർക്കറ്റ് വിലയേക്കാൾ വില കുറച്ച് നൽകുകയും ചെയ്തു. അതുകൊണ്ട് പൊതു കമ്പോളത്തിലെ വിലക്കയറ്റം ഒഴിവാക്കുവാനും ഉപഭോക്താക്കൾക്ക് വിലക്കുറവിൽ പഴം- പച്ചക്കറികൾ ലഭ്യമാക്കുവാനും സാധിച്ചു.

**സെക്ഷൻ ഓഫീസർ**